**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4333** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവ് നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവുകൾ നികത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഇഴഞ്ഞു നീങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17/06/21-ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലമെടുപ്പിനായി എത്ര ഗുണഭോക്താക്കൾക്ക് നഷ്ട പരിഹാരം കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് പ്രാരംഭ ഘട്ടത്തിലാകയാൽ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ആരുടെ മേൽ നോട്ടത്തിലാണ് നടക്കുന്നതെന്നും സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയിൽ നഷ്ടപരിഹാരത്തുക വകയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ? | (സി) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), പാലായുടെ കാര്യാലയം മുഖേനയാണ് നടന്നു വരുന്നത്. പ്രസ്തുത പദ്ധതിക്കു വേണ്ടി കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുള്ളതായി പൊന്നും വില ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നഷ്ടപരിഹാര തുക തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ